**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

07/11/2016 – ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ. 725

**കുടുംബശ്രീ വഴി കാർഷിക മേഖലയിൽ സ്വയം പര്യാപ്തത**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീമതി യു. പ്രതിഭ ഹരി | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) കാർഷിക മേഖലയിൽ സ്വയംപര്യാപ്തത നേടാനായി കുടുംബശ്രീ വഴി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) കാർഷിക മേഖലയിൽ കുടുംബശ്രീ നടപ്പിലാക്കിവരുന്ന പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും ചുവടെ ചേർക്കുന്നു.<br><br>**1)സംഘകൃഷി** - കുടുംബശ്രീ വഴി ഭക്ഷ്യസ്വയംപര്യാപ്തത നേടാനായി 2006 മുതൽ സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിക്കുകയും, പാട്ടത്തിനായി ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുകയും ചെയ്യുന്നു.<br><br>**2)പൊലിവ്** - സംസ്ഥാനത്ത് വിഷവിമുക്ത പച്ചക്കറികളും പഴവർഗ്ഗങ്ങളും ലഭ്യമാക്കാൻ ഉതകുന്ന പദ്ധതികളുടെ ഭാഗമായി കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങൾ അവരുടെ പ്രദേശത്ത് ആവശ്യമുള്ള പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനായി 'പൊലിവ്' എന്ന പേരിൽ സംഘകൃഷി നടത്തുന്നതിനുള്ള പദ്ധതി 2016 ജൂലായ് 3 മുതൽ നടപ്പാക്കി വരുന്നു.<br><br>**3)വനിതാ മാസ്റ്റർ കർഷകരുടെ സഹായം** കാർഷിക മേഖലയിൽ നൂതന സാങ്കേതികവിദ്യകൾ സംഘകൃഷി ഗ്രൂപ്പുകളിലെത്തിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീയിൽ നിന്നും വനിതാ മാസ്റ്റർ കർഷകരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. പരിശീലനം ലഭിച്ച മാസ്റ്റർ കർഷകർ അവർക്ക് ലഭ്യമായ അറിവ് സംഘകൃഷി ഗ്രൂപ്പുകൾക്ക് ഫാർമർ ഫീൽഡ് സ്കൂളുകൾ വഴി പകർന്നു നൽകുന്നു. |

4) **വിത്ത് ബാങ്ക്** - പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കുന്നതിന്റെയും ജൈവ വൈവിധ്യം നിലനിർത്തുന്നതിന്റെയും ഭാഗമായി നെല്ലിന്റെ വിത്തുബാങ്കുകൾ കുടുംബശ്രീ ഗ്രൂപ്പുകൾ നടപ്പാക്കി വരുന്നു. പ്രധാനമായും കാസർഗോഡ്, വയനാട് ജില്ലകൾ കേന്ദ്രീകരിച്ച് അവ പ്രവർത്തിക്കുന്നു. കൃഷിക്കാവശ്യമായ വിത്തുകൾ കൃഷിചെയ്തുകൊടുക്കുന്ന വിത്തുബാങ്കുകൾ മറ്റ് ജില്ലകളിലും പ്രവർത്തിച്ചു വരുന്നു.

5) **ബയോഫാർമസി** - വിഷരഹിത കാർഷിക ഉല്പാദനരീതികൾക്കാവശ്യമായ ജൈവ കീടനാശിനികളും ജൈവവളവും ബയോഫാർമസികളിൽ ഉല്പാദിപ്പിക്കുകയും കർഷകർക്ക് വിൽക്കുകയും ചെയ്യുന്നു.

6) **നഴ്സറി** - കാർഷിക മേഖലയിൽ സംരംഭത്തിന്റെ ഭാഗമായി നഴ്സറികൾ കുടുംബശ്രീ ആരംഭിച്ചിട്ടുണ്ട്. പ്രാദേശിക ആവശ്യമനുസരിച്ച് കൃഷിക്കനുയോജ്യമായ വിത്തുകൾ, തൈകൾ, ഗ്രോബാഗുകൾ എന്നിവ ഈ നഴ്സറികളിലൂടെ ലഭ്യമാക്കി വരുന്നു.

7) **കാർഷിക ലേബർ ഗ്രൂപ്പുകൾ** - കാർഷിക മേഖലയിൽ ഉല്പാദന വർദ്ധനവിനായുള്ള പദ്ധതികൾക്ക പുറമേ സേവന മേഖലയിൽ കാർഷിക ലേബർ ഗ്രൂപ്പുകൾ ഭൂവുടമകളുടെ ആവശ്യാനുസരണം കൃഷിയ്ക്കാവശ്യമായ തൊഴിലുകൾ ചെയ്യുന്നതിനുള്ള തൊഴിലാളികളെ കൂടി ലഭ്യമാക്കുന്നു.

| | |
|---|---|
| (ബി) കുടുംബശ്രീ വഴിയുള്ള സംഘകൃഷി പ്രോത്സാഹിപ്പിക്കാനായി നല്കിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) സംഘകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പലിശരഹിത വായ്പ നൽകി വരുന്നു. ഈ വർഷം 351 കോടി രൂപയുടെ വായ്പ ബാങ്കിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ വിളവനുസരിച്ച് കാർഷിക ഇൻസെന്റീവും അനുവദിക്കുന്നുണ്ട്. സാങ്കേതിക വിവരങ്ങൾ നൽകുന്നതിന്റെ ഭാഗമായി പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. |

(സി) ഈ സംഘങ്ങൾ വഴി ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും, പഴങ്ങളും വിപണനം ചെയ്യുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്; ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി സംഘങ്ങൾക്കും ഉപഭോക്താവിനും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ കുടുംബശ്രീക്ക് പഴം-പച്ചക്കറി സ്റ്റാളുകൾ ആരംഭിക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(സി) കുടുംബശ്രീ വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ ആഴ്ച ചന്തയും മാസചന്തയും സംഘടിപ്പിക്കുന്നുണ്ട്. ഇതിനു പുറമേ ഉത്സവ ചന്തകൾ നടത്താറുണ്ട്. പഞ്ചായത്തുകളുമായി ചേർന്ന് കുടുംബശ്രീ സ്ഥിര വിപണനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ ഈ വർഷം മുതൽ ഓരോ ജില്ലയിലും ഓരോ പച്ചക്കറി ഔട്ട്ലെറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലൂടെ സംഘങ്ങൾ വഴി ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും, പഴങ്ങളും വിപണനം ചെയ്യുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും കഴിയും.

സെക്ഷൻ ഓഫീസർ